കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം 695 001
ഫോൺ:: 0471 2331104 , 0471 2331159,
Email:ceikerala@gmail.com
Website: www.ceikerala.gov.in

भारतीय मानक ब्यूरो IS 15700
BUREAU OF INDIAN STANDARDS SQMS
An IS 15700 : 2018 Certified Department

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം**
**ഹാജർ: വി.സി അനിൽകുമാർ**

വിഷയം :ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് – ജീവനക്കാര്യം – സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം
1. സീനിയർ സൂപ്രണ്ട് ശ്രീ ശ്രീകാന്ത് എസ് ആർ ന്റെ 14.12.2022 തീയതിയിലെ അപേക്ഷ.
2. 04.02.2023 തീയതിയിലെ അസാധാരണ ഗസറ്റ് നമ്പർ 422 പ്രകാരം പ്രസിദ്ധീകരിച്ച സി.ഇ.ഐ 16870/2022–ഇ2 തീയതി 04.02.2023 നമ്പരായുള്ള അസാധാരണ വിജ്ഞാപനം
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 19984/.2022 – ഇ2 നമ്പരായ 25.01.2023 ലെ ഉത്തരവ്.

**ഉത്തരവ് നമ്പർ CEI/2861/2023 –E2 തീയതി: 01/03/2023**

തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീമതി ശ്രീദേവിക്കുട്ടി കെ എം 28.02.2023 ൽ അധിവർഷ പെൻഷൻ പറ്റി സേവനത്തിൽ നിന്നും വിരമിച്ചതിനാൽ 01.03.2023 മുതൽ വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ജൂനിയർ സൂപ്രണ്ടുമാരിൽ ഏറ്റവും സീനിയറും വകുപ്പ് തല പ്രമോഷൻ കമ്മിറ്റി ലോവർ തയ്യാറാക്കി സർക്കാർ അംഗീകരിച്ച് പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ രണ്ടാമതായി ഉൾപ്പെടുകയും ചെയ്തിട്ടുള്ള പത്തനംതിട്ട ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ ജയകുമാർ എസ് ന് (PEN No.105370) കെ.എസ് & എസ്.എസ്.ആർ ഭാഗം II, ചട്ടം 28(b) II പ്രകാരം 51400–110300 രൂപ ശമ്പളനിരക്കിൽ തസ്തിക മാറ്റം മുഖേന സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മലപ്പുറം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീ. ശ്രീകാന്ത് എസ് ആർ തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. ശ്രീകാന്ത് എസ് ആർ സീനിയർ സൂപ്രണ്ടിനെ മലപ്പുറം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിന്നും തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലം മാറ്റി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

ശ്രീ. ശ്രീകാന്ത് എസ് ആർ ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റം നൽകിയത് മൂലം മലപ്പുറം ജില്ലാ കാര്യാലയത്തിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിൽ സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിക്കുന്ന ശ്രീ ജയകുമാർ എസ് നെ നിയമിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

1. ശ്രീ. ശ്രീകാന്ത് എസ് ആർ, സീനിയർ സൂപ്രണ്ട് (ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, മലപ്പുറം മുഖേന)
2. ശ്രീ ജയകുമാർ എസ്, ജൂനിയർ സൂപ്രണ്ട് (ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, പത്തനംതിട്ട മുഖേന)

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ ജനറൽ കേരള (എ & ഇ) തിരുവനന്തപുരം
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, പത്തനംതിട്ട /മലപ്പുറം
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി എ / അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി എ
4. കരുതൽ/ അധികം